## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1721 03.10.2011 ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് ഭാഗ്യക്കുറികൾ

**ചോദ്യം** **ഉത്തരം**

ഡോ.എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തു ഗവൺമെന്റ് ഭാഗ്യക്കുറികൾ പുന:സംഘടിപ്പിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ബുധനാഴ്ചകളിൽ നറുക്കെടുപ്പു നടത്തി വരുന്ന വിൻ-വിൻ ഭാഗ്യക്കുറി കൂടാതെ തിങ്കളാഴ്ചകളിൽ നറുക്കെടുക്കുന്ന പ്രതീക്ഷ, വ്യാഴാഴ്ചകളിൽ നറുക്കെടുക്കുന്ന അക്ഷയ, ശനിയാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ, വെള്ളിയാഴ്ചകളിൽ നറുക്കെടുക്കുന്ന ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തോടു കൂടി പൗർണമി, ധനശ്രീ എന്നീ ഭാഗ്യക്കുറികൾ കൂടി വിൽപ്പന ആരംഭിക്കുന്നതാണ്. പ്രതീക്ഷ, ധനശ്രീ എന്നീ ഭാഗ്യക്കുറികളുടെ മുഖവില 40/- രൂപയും പൗർണമി, ഭാഗ്യനിധി, അക്ഷയ, വിൻ- വിൻ ഭാഗ്യക്കുറികളുടെ മുഖവില 20/- രൂപയും കാരുണ്യ ഭാഗ്യക്കുറികളുടെ മുഖവില 50/- രൂപയുമാണ്. 50/- രൂപ, 40/- രൂപ മുഖവിലയുള്ള ടിക്കറ്റുകളുടെ 20 ലക്ഷം ടിക്കറ്റുകളും, 20/- രൂപ മുഖവിലയുള്ള ടിക്കറ്റുകളുടെ 25 |

| | | | |
|---|---|---|---|
| | | | ലക്ഷം ടിക്കറ്റുകളും അച്ചടിക്കാവുന്ന തരത്തിലാണ് സമ്മാനഘടന തയ്യാറാക്കിയിരിക്കുന്നത്. ലോട്ടറി ഏജന്റുമാർക്ക് പതിനായിരം ടിക്കറ്റുകൾ വരെ 25% ഉം പതിനായിരം ടിക്കറ്റുകൾക്കു മുകളിൽ 27% ഉം ഡിസ്കൗണ്ട് നൽകുന്നതാണ്. |
| (ബി) | ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ കാലാനുസൃതമായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ? | (ബി) | സംസ്ഥാന ഭാഗ്യക്കുറി ഒന്നായി ചുരുക്കിയപ്പോൾ ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും പ്രത്യേക സാഹചര്യം പരിഗണിച്ച് ഡിസ്കൗണ്ട് വർദ്ധിപ്പിച്ചിരുന്നു. ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ച സാഹചര്യത്തിൽ വിപണിയിലെ മാറ്റങ്ങൾക്ക് അനുസൃതമായി ഏജന്റുമാർക്ക് 27% വരെ കമ്മീഷൻ നൽകുന്നുണ്ട്. |

Chandini

സെക്ഷൻ ഓഫീസർ